# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **5889** **28.10.2011**ൽ മറുപടിയ്ക്ക്

<u>കേരളത്തിലെ ഭീകരവാദ പ്രവർത്തനങ്ങൾ</u>

<u>ചോദ്യം</u>

ശ്രീ വി. ശശി :

എ) കേരളത്തിൽ നടക്കുന്ന ഭീകരവാദ പ്രവർത്തനങ്ങളുടെ ദേശീയ അന്തർദേശീയ ബന്ധങ്ങൾ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ ;

ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ ?

<u>മറുപടി</u>

ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

(എ) & (ബി)

കേരളത്തിൽ രജിസ്റ്റർ ചെയ്ത ഭീകരവാദ സ്വഭാവമുള്ള ചില കേസുകളിൽ അവയുടെ ദേശീയ അന്തർദേശീയ ബന്ധങ്ങൾ കണ്ടെത്തുന്നതിനായി ഈ കേസുകൾ അന്വേഷിക്കാൻ രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘങ്ങളെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ഇത്തരത്തി ലുള്ള കേസുകളായ ബിനാനിപുരം, മുണ്ടക്കയം എടയ്ക്കാട് എന്നീ പോലീസ് സ്റ്റേഷനുകളിലെ ഓരോ കേസുകൾ പിന്നീട് ദേശീയ അന്വേഷണ ഏജൻസി ഏറ്റെടുക്കുകയുണ്ടായി. ആയതിനാൽ ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

സെക്ഷൻ ഓഫീസർ